**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2878** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗക്കാർക്ക് കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാഴ്ച പരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷി വിഭാഗത്തിന് കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇത്തരം പരിശീലനം ലഭ്യമാക്കിയിരുന്ന ഇൻസൈറ്റ് എന്ന പദ്ധതി പുനരാരംഭിക്കുവാൻ ആലോചിച്ചിട്ടുണ്ടോ; | (എ) | കാഴ്ചപരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷി വിഭാഗത്തിന് സാമൂഹ്യനീതി വകുപ്പിന്റെ അതിജീവനം സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ പരിശീലന പദ്ധതിയും വിവര സാങ്കേതിക വിദ്യയിലൂടെ കാഴ്ചപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള ICT Based Training പദ്ധതിയും നിലവിലുണ്ട്. ആയതിനാൽ ഇത്തരം പരിശീലനം ലഭ്യമാക്കിയിരുന്ന ഇൻസൈറ്റ് പദ്ധതി പ്രത്യേകമായി നടത്തേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | ഭിന്നശേഷി വിഭാഗത്തിനായി കമ്പ്യൂട്ടർ, ആൻഡ്രോയ്ഡ് പരിശീലനം ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | (ബി) | മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിഭാഗത്തിനായി കമ്പ്യൂട്ടർ, മറ്റ് തൊഴിലധിഷ്ഠിത പദ്ധതികൾ വകുപ്പിന്റെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ജി.ഒ മുഖേന നടത്തുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി നടപ്പിലാക്കി വരുന്നു. അതിജീവനം പദ്ധതി പ്രകാരം ഇപ്രകാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായാൽ ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തി ശുപാർശ ചെയ്യുന്ന പക്ഷം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ അത്തരം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ